

17-12-2021

FRIDAY

വെള്ളിയാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

**Chief Editor : George Sebastian** **Editor : Dr Asha T T**

**Farm Information Bureau, Kowdiar, Thiruvananhapuram -695003**

**Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186, 2317314**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS) - 17/12/2021

1. പ്രധാനമന്ത്രി വിള ഇൻഷുറൻസ് പദ്ധതിയിലും കാലാവസ്ഥാധിഷ്ഠിത വിള ഇൻഷുറൻസ് പദ്ധതിയിലും റാബി 2021 സീസണിൽ കർഷകർക്ക് രജിസ്റ്റർ ചെയ്യേണ്ട അവസാന തീയതി ഡിസംബർ 31 ആണ്. പ്രധാനമന്ത്രി വിള ഇൻഷുറൻസ് പദ്ധതിയിൽ ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകളിലെ നെൽകൃഷിയും എല്ലാ ജില്ലകളിലേയും വാഴയും മരച്ചീനിയുമാണ് വിജ്ഞാപനം ചെയ്തിട്ടുള്ളത്. കാലാവസ്ഥാ വിള ഇൻഷുറൻസ് പദ്ധതിയിൽ നെല്ല്, വാഴ, കൈതച്ചക്ക, കരിമ്പ്, കാരറ്റ്, കാബേജ്, വെളുത്തുള്ളി, ഉരുളക്കിഴങ്ങ്, ബീൻസ്, കശുമാവ്, മാവ്, തക്കാളി, ചെറുധാന്യങ്ങൾ (ചോളം, റാഗി, തിന മുതലായവ), പച്ചക്കറികൾ (പയർ, പടവലം, പാവൽ, കുമ്പളം, മത്തൻ, വെള്ളരി, വെണ്ട, പച്ചമുളക്) എന്നീ വിളകളാണ് വിജ്ഞാപനം ചെയ്തിട്ടുള്ളത്. ആയതിനാൽ പദ്ധതികളിൽ ചേരാൻ ആഗ്രഹിക്കുന്ന കർഷകർ അവസാന തീയതിക്കുമുമ്പ് തന്നെ ഏറ്റവും അടുത്തുള്ള അക്ഷയ/സിഎസ്‌സി കേന്ദ്രങ്ങൾ, അംഗീകൃത മൈക്രോ ഇൻഷുറൻസ് ഏജന്റുകൾ എന്നിവരുമായി ബന്ധപ്പെടേണ്ടതാണ്. അപേക്ഷയോടൊപ്പം നിശ്ചിത പ്രീമിയവും ആധാർ കാർഡ്, ബാങ്ക് പാസ്സ് ബുക്ക്, നികുതി/പാട്ടച്ചീട്ട് എന്നിവയുടെ കോപ്പികളും സമർപ്പിക്കേണ്ടതാണ്. കർഷകന് നേരിട്ട് ഓൺലൈനായും www.pmfby.gov.in എന്ന പോർട്ടൽ മുഖാന്തിരം ചേരാവുന്നതാണ്. വിജ്ഞാപിത വിളകൾക്ക് വായ്പ എടുത്തിട്ടുള്ള കർഷകരെ അതാത് ബാങ്കുകൾക്ക് ചേർക്കാവുന്നതാണ്. ഇതിനായി കർഷകർ പ്രത്യേകം അപേക്ഷാഫോറം സമർപ്പിക്കേണ്ടതില്ല. കൂടുതൽ വിവരങ്ങൾക്ക് ഏറ്റവും അടുത്തുള്ള കൃഷിഭവനുമായോ അഗ്രിക്കൾച്ചർ ഇൻഷുറൻസ് കമ്പനിയുടെ റീജിയണൽ ഓഫീസുമായോ 1800-425-7062 എന്ന ടോൾ ഫ്രീ നമ്പരുമായോ ബന്ധപ്പെടേണ്ടതാണ്.

2. കേരള കാർഷിക സർവകലാശാല സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് സംഘടിപ്പിക്കുന്ന ദ്വിദിന പുസ്തകോൽസവം വെള്ളാനിക്കര കാർഷിക കോളേജിൽ ഇന്ന് (17.12.21) രാവിലെ ഒൻപതിന് തുടങ്ങും. ശാസ്ത്ര സാങ്കേതികം, കൃഷി, വിദ്യാഭ്യാസം, സാഹിത്യം, ഭാഷ, വിനോദം, സിനിമ, ആരോഗ്യം, തുടങ്ങി എല്ലാ വിഷയങ്ങളിലുമുള്ള പ്രമുഖ ദേശീയ അന്തർ ദേശീയ പ്രസാധകരുടെ ആയിരക്കണക്കിന് പുസ്തകങ്ങൾ

മേളയിലുണ്ടായിരിക്കും.വിദ്യാർഥികൾ, അദ്ധ്യാപകർ, കർഷകർ, സ്കൂളുകൾ, കോളേജുകൾ, ലൈബ്രറികൾ, പൊതുജനങ്ങൾ എന്നിവർക്കു പതിനഞ്ചു മുതൽ മുപ്പതു ശതമാനം വരെ വില കിഴിവിൽ പുസ്തകങ്ങൾ വാങ്ങാവുന്നതാണ്. പ്രവേശനം സൗജന്യമാണ്.

3. ആലപ്പുഴ ജില്ലയിൽ കഞ്ഞിക്കുഴി ബ്ലോക്കിൽ തണ്ണീർമുക്കം ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കുന്ന ക്ഷീരഗ്രാമം പദ്ധതി പ്രകാരം തണ്ണീർമുക്കം ഗ്രാമപഞ്ചായത്തിൽ താമസിക്കുന്ന ക്ഷീരകർഷകർക്ക് 2 പശു യൂണിറ്റ്, കോമ്പോസിറ്റ് ഡയറി യൂണിറ്റ്, 5 പശു യൂണിറ്റ്, തൊഴുത്ത് നിർമ്മാണം, അവശ്യാധിഷ്ഠിത ധനസഹായം, ധാതുലവണ മിശ്രിതം എന്നിങ്ങനെ വിവിധ യൂണിറ്റുകൾക്ക് അപേക്ഷിക്കാവുന്നതാണ്. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി 18-12-2021 ആണ്. ക്ഷീരവികസന വകുപ്പിന്റെ ക്ഷീരശ്രീ പോർട്ടൽ വഴി ഓൺലൈൻ ആയാണ് അപേക്ഷ സമർപ്പിക്കേണ്ടത്. കൂടുതൽ വിവരങ്ങൾക്ക് ചേർത്തല മിനി സിവിൽ സ്റ്റേഷനിൽ പ്രവർത്തിക്കുന്ന കഞ്ഞിക്കുഴി ബ്ലോക്ക് ക്ഷീരവികസന ഓഫീസുമായി നേരിട്ടോ 0478-2990400 **എന്ന ഫോൺ നമ്പരിലോ** ബന്ധപ്പെടാവുന്നതാണ്.

4. തിരുവനന്തപുരം ജില്ലയിൽ കേന്ദ്രാവിഷ്കൃത പദ്ധതിയായ ആർ.കെ.വി.വൈ-യുടെ വിവിധ ഘടകങ്ങളായ ചെറുകിട കൂൺ ഉൽപ്പാദന യൂണിറ്റ്, ഹൈടെക് പാൽ കൂൺ ഉൽപ്പാദന യൂണിറ്റ്, കൂണിന്റെ ചെറിയകൂൺ ഉത്പാദന/സംസ്കരണ യൂണിറ്റുകൾ, വെർമി കമ്പോസ്റ്റ് യൂണിറ്റ്, ഗുണനിലവാരമുള്ള നടീൽ വസ്തുക്കളുടെ ഉത്പാദനത്തിനായി വികേന്ദ്രീകൃത നഴ്സറി സ്ഥാപിക്കൽ, ശീതകാല പച്ചക്കറി കൃഷി, വാഴകൃഷി വ്യാപനം, പൈനാപ്പിൾ കൃഷി വ്യാപനം, പാഷൻഫ്രൂട്ട് കൃഷി വ്യാപനം, പന്തലുള്ള പച്ചക്കറി കൃഷി, പന്തലില്ലാത്ത പച്ചക്കറികൃഷി എന്നിവ ജില്ലാ ഹോർട്ടികൾച്ചർ മിഷൻ മുഖേന നടപ്പിലാക്കുന്നു. ഓരോ യൂണിറ്റിനും നിശ്ചിത നിരക്കിൽ ധനസഹായം ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്കും ആനുകൂല്യം ലഭ്യമാകുന്നതിനും വേണ്ടി അടുത്തുള്ള കൃഷിഭവനുമായി ബന്ധപ്പെടണമെന്ന് തിരുവനന്തപുരം ജില്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർ അറിയിച്ചു.

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

5. പെരുങ്കടവിള കൃഷിഭവൻ പരിധിയിലെ കാർഷിക ഉൽപ്പന്നങ്ങൾ തിരുവനന്തപുരം കോർപ്പറേഷൻ കൃഷിഭവന്റെ സഹായത്തോടെ ജനയുഗം പത്രമാഫീസിനു മുൻപിലെ അങ്കണത്തിൽ വച്ച് എല്ലാ വെള്ളിയാഴ്ചയും ഉച്ചയ്ക്ക് ഒരു മണിമുതൽ വൈകിട്ട് ആറുമണി വരെ കർഷകർ നേരിട്ട് വിപണനം നടത്തുന്നു. **വിളനിറവ്** എന്ന പേരിലറിയുന്ന ഈ കാർഷിക വിപണിയിൽ നാടൻ പച്ചക്കറികൾ, പഴവർഗ്ഗങ്ങൾ, വാഴക്കുല, വാഴക്കുമ്പ്, വാഴപ്പിണ്ടി, കുടംപുളി, നാളികേരം, തേൻ, മുട്ട തുടങ്ങിയ നാടൻ കാർഷികോത്പ്പന്നങ്ങൾ വിൽപ്പനയ്ക്ക് സജ്ജമാണെന്ന് പെരുങ്കടവിള കൃഷി ഓഫീസർ അറിയിക്കുന്നു.

6. തിരുവനന്തപുരം ജില്ലയിലെ പോത്തൻകോട്, കൊല്ലം ജില്ലയിലെ ഇട്ടിവ, കരീപ്ര, ആലപ്പുഴ ജില്ലയിലെ തണ്ണീർമുക്കം, എറണാകുളം ജില്ലയിലെ കോട്ടുവള്ളി, കോട്ടയം ജില്ലയിലെ കറുകച്ചാൽ, കോഴിക്കോട് ജില്ലയിലെ കടലുണ്ടി, വേളം, കണ്ണൂർ ജില്ലയിലെ മങ്ങാട്ടിടം, പെരളശ്ശേരി തുടങ്ങിയിടങ്ങളിൽ ക്ഷീരവികസന വകുപ്പ് നടപ്പിലാക്കുന്ന ക്ഷീരഗ്രാമം പദ്ധതിയിലേയ്ക്കുള്ള അപേക്ഷകൾ **ksheerasree.kerala.gov.in** എന്ന പോർട്ടൽ മുഖാന്തിരം ഓൺലൈനായി ഈ മാസം 18 വരെ (**ഡിസംബർ** 18 വരെ) സമർപ്പിക്കാം.

**പരിശീലന പരിപാടികൾ**

7. പാലക്കാട് പട്ടാമ്പി കൃഷി വിജ്ഞാന കേന്ദ്രത്തിൽ **കൂൺ കൃഷിയും സംസ്കരണവും** എന്ന വിഷയത്തിൽ ഇന്നും നാളെയുമായി 17,18 (ഡിസംബർ 17,18) പരിശീലനം സംഘടിപ്പിക്കുന്നു. താൽപ്പര്യമുളളവർ **6282937809** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

8. ആതവനാട് മൃഗസംരക്ഷണ പരിശീലനകേന്ദ്രത്തിൽ രജിസ്റ്റർ ചെയ്ത കർഷകർക്ക് വേണ്ടി നാളെ (ഡിസംബർ 18 ന്) **"തീറ്റപ്പുൽകൃഷിയും സൈലേജ് നിർമ്മാണവും"** എന്ന വിഷയത്തിൽ പരിശീലനം സംഘടിപ്പിക്കുന്നു. ഉച്ചവരെ എൽ.എം.ടി.സി സെമിനാർ ഹാളിൽ വെച്ച് ക്ലാസും ഉച്ചയ്ക്ക് ശേഷം താനാളൂർ ഫാമിൽ വെച്ച് സൈലേജ് നിർമ്മാണത്തിലുള്ള പ്രായോഗിക പരിശീലനവുമാണ് സംഘടിപ്പിക്കുന്നത്. കൂടുതൽ വിവരങ്ങൾക്ക് 0494-296 2296, 8089293728 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.